# വെള്ളി വെളിച്ചം

## കുട്ടികളുടെ പത്രം

2018
ഓഗസ്റ്റ് 13
തിങ്കളാഴ്ച
1193
കർക്കടകം28

**The monthly Publication of Govt.VHSS Parassala**

ശകവർഷം- 1840
ഹിജറവർഷം- 1439-1440
1193 മിഥുനം- കർക്കിടകം



Phone Number :0471-2202331 202331school@gmail.com




# പാറശ്ശാല വി.എച്ച്.എസ്.എസിൽ ഇംഗ്ലീഷ് ക്ലബ്ബ് ഉദ്ഘാടനം

പാറശ്ശാല വി.എച്ച്.എസ്.എസിൽ ഇംഗ്ലീഷ് ക്ലബ്ബിന്റെ ഉദ്ഘാടനം പ്രൊഫസർ ബാർബറ മിൻജ് നിർവഹിക്കുന്നു

പാറശ്ശാല ▸ പാറശ്ശാല ഗവൺമെൻറ് വി.എച്ച്.എസ്.എസി.ൽ ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനങ്ങളും ഓസ്ട്രേലിയയിൽനിന്നുള്ള പ്രൊഫ. ബാർബറ മിൻജ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ പ്രൊഫ. ബാർബറ ഇംഗ്ലീഷ് ഭാഷയൊരുക്കിത്തരുന്ന തൊഴിൽ സാധ്യതകളെക്കുറിച്ച് ക്ലാസെടുത്തു. പി.ടി.എ. പ്രസിഡൻറ് വി .അരുണിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ചന്ദ്രിക, ക്ലബ്ബ് കൺവീനർ ഷൈൻ വിൽസ്, അധ്യാപികമാരായ സരിത, വെർജിൻ, സ്മിത എന്നിവർ പങ്കെടുത്തു.

## പരിസ്ഥിതി ക്ലബ്ബ് ഉദ്ഘാടനം




പാറശാല : ഗവ.വി & എച്ച് എസ് എസ് പാറശാല സ്കൂളിലെ പരിസ്ഥിതി ക്ലബ്ബിന്റെ ഉദ്ഘാടനം ജൂൺ 26 ന് സ്കൂൾ ആഡിറ്റോറിയത്തിൽ വെച്ച നടത്തി .തുടർന്ന് പരിസ്ഥിതി റാലിയും സംഘടിപ്പിച്ചു. യോഗത്തിൽ എച്ച് എം അദ്ധ്യക്ഷത വഹിച്ചു.

## നല്ല പാഠം പദ്ധതി ഉദ്ഘാടനം



പാറശാല : കുട്ടനാട്ടിൽ മഴക്കെടുതിയിനാൽ ദുരിതം അനുഭവിക്കുന്നവരുടെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനു നൽകാനായി നല്ല പാഠം പദ്ധതിയുടെ കീഴിൽ 15000 രൂപ സംഭരിച്ച് ചെക്കായി നൽകി.കൂടാതെ പാറശാല ഗവ.ആയുർവേദ ആശുപത്രിയിലെ നിർദ്ധനരായ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും നല്ല പാഠം പദ്ധതിയിലെ അംഗങ്ങൾ സ്കൂളിലെ ശേഖരിച്ച പൊതിച്ചോർ പി ടി എ പ്രസിഡന്റ് ,എച്ച് എം, സ്റ്റാഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ആശുപത്രിയൽ എത്തി നൽകുകയുണ്ടായി.